"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:ഇ3/13381/17

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി
തിരുവനന്തപുരം - 33
തീയതി: 22/06/2017

## ചുറ്ററിയിപ്പ്

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - വിവിധ കമ്പനികൾക്ക് 2016-17 സാമ്പത്തിക വർഷം വിതരണ ഉത്തരവ് നൽകിയതു പ്രകാരമുള്ള പെൻഡിംഗ് പേയ്മെന്റ് നൽകുന്നത് - സംബന്ധിച്ച്.

**സൂചന :-** ട്രെയിനിംഗ് ഡയറക്ടറുടെ 21/06/2017 ലെ ഇ3/133381/17 നമ്പർ മേലെഴുത്തോടു കൂടിയ സ.ഉ (സാധാ) 801/2017/തൊഴിൽ തീയതി 20/06/2017 നമ്പർ സർക്കാർ ഉത്തരവ്.

-----

2016-17 വർഷം വിവിധ പദ്ധതികളിൽപ്പെടുത്തി യന്ത്രോപകരണ സംഭരണത്തിനായി വിവിധ സ്ഥാപനങ്ങൾക്ക് വിതരണ ഉത്തരവുകൾ നൽകിയതും '2230-03-101-87-ഐ.ടി.ഐകളുടെ നവീകരണം (34)- മറ്റു ചെലവുകൾ (3) മറ്റിനം (പ്ലാൻ) 2016-17' എന്ന ശീർഷകത്തിൽ നിന്നും ചെലവ് ചെയ്യുന്നതിന് സംഭരണാനുമതി ലഭിച്ചതും തൃപ്തികരമായി സംഭരണ നടപടികൾ പൂർത്തിയാക്കിയതും ഇനിയും തുക മാറി നൽകിയിട്ടില്ലാത്തതുമായ, സ്ഥാപനങ്ങൾക്ക് 2017-18 വർഷത്തെ ബജറ്റ് പ്രൊവിഷനിൽ നിന്നും തുക മാറി നൽകുവാൻ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുള്ള എല്ലാ കമ്പനികൾക്കും നിയമപ്രകാരം നൽകുന്നതിനുള്ള തുകയ്ക്കുള്ള ബില്ലുകൾ 27/06/2017 ന് മുമ്പ് തന്നെ ട്രഷറിയിൽ നൽകേണ്ടതാണ്. ഇക്കാര്യത്തിൽ അമാന്തം കാട്ടുകയോ അനാവശ്യമായ കാലതാമസം വരുത്തുകയോ ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകുന്നു. തുക മാറി കഴിഞ്ഞാലുടൻ വിവരം ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ purchasedit@gmail.com എന്ന മെയിൽ അഡ്രസ്സിൽ ഇ-മെയിൽ ചെയ്തു നൽകേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുകയാണെങ്കിൽ ആ വിവരം യഥാസമയം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്: എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും
(വെബ്സൈറ്റ് മുഖേന)

പകർപ്പ്:
1. സീനിയർ സൂപ്രണ്ട്(പ്ലാനിംഗ്,) - അറിവിലേയ്ക്കായി
2. സീനിയർ സൂപ്രണ്ട് (അക്കൗണ്ട്) - ആവശ്യമായ അലോട്ട്മെന്റ് ഐ.ടി.ഐകൾക്ക് നൽകുന്നതിന്.
3. കരുതൽ ഫയൽ. (ഇ3)

22/06/2017

**GO(Rt) 801/2017/LBR dated 20/06/2017 നമ്പർ ഉത്തരവ് പ്രകാരം തുക നൽകിയ വിവരം.**

**ഐ.ടി.ഐയുടെ പേര്:...............................................................................................**

| ക്രമ നം. | വിതരണ ഉത്തരവ് നം. | സ്ഥാപനത്തിന്റെ പേര് | തൃപ്തികരമായി വിതരണം നടത്തിയ തീയതി | തുക മാറി നൽകിയതിന്റെ വിവരങ്ങൾ | തുക മാറി നൽകിയിട്ടില്ല എങ്കിൽ ആയതിനുള്ള കാരണം. | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | |

ഒപ്പ്

**പ്രിൻസിപ്പാൾ**

തീയതി: ഓഫീസ് സീൽ